മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവം

132 (3086) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ വിവിധ വകുപ്പുകളിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോ മെഡിക്കൽ കോളേജിലും എത്ര തസ്തികകൾ വീതം ഒഴിവുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി നിശ്ചിത സമയത്ത് യോഗം ചേരാത്തതാണ് ഈ അവസ്ഥയ്ക്ക് കാരണമെന്ന് കരുതുന്നുണ്ടോ ;

(ഡി) മേല്പറഞ്ഞ വിഷയത്തെ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(എഫ്) പ്രസ്തുത പരാതികൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 തവണ ഡി.പി.സി. കൂടുകയും 229 പേർക്ക് പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ജൂൺ 5-ന് നടത്തിയ ഡി.പി.സി. മീറ്റിങ്ങിന്റെ തുടർ നടപടിയായി 147 പേർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

(ഡി-എഫ്) പരാതികൾ ലഭിച്ചിരുന്നു. പരാതികൾ കഴിഞ്ഞ ഡി.പി.സി. യോഗത്തിനു മുമ്പ് പരിശോധിച്ചു. പ്രൊമോഷൻ ലഭിക്കാൻ എത്രയും വേഗം നടപടികളെടുക്കണമെന്നതായിരുന്നു പരാതികളിലെ ആവശ്യം. ഡി.പി.സി. ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷനുകൾ നടത്താനുള്ള അടിയന്തിര നടപടികളെടുത്തു വരികയാണ്.

മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാർ, നഴ്സുമാർ, അനുബന്ധ ഉദ്യോഗസ്ഥർ എന്നിവരുടെ ഒഴിവുകൾ

133 (3087) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാർ, നഴ്സുമാർ, അനുബന്ധ ഉദ്യോഗസ്ഥർ എന്നിവരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly